പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ .319

19.02.13-ൽ മറുപടിക്ക്

## പുതിയ മത്സ്യബന്ധന നിയമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. തോമസ് ചാണ്ടി<br>,, എ.കെ. ശശീന്ദ്രൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യ ലഭ്യത കുറഞ്ഞ സംസ്ഥാ നത്ത് പുതിയ മത്സ്യബന്ധന നിയമം നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം പ്രതിസന്ധി രൂക്ഷമാക്കുമെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സമുദ്ര മത്സ്യോൽപാദനത്തിൽ കേരളത്തിന് രണ്ടാം സ്ഥാനമാണുള്ളത് മറൈൻ ഫിഷറീസ് (റഗുലേഷൻ ആന്റ് മാനേജ്മെന്റ്) ബിൽ 09 എന്ന പേരിൽ കടലിലെ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനുള്ള ഒരു ബിൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പുകളൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല. |
| (ബി) | ഈ കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടി കളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 12/02/10 -ൽ കേന്ദ്ര സർക്കാർ വിളിച്ചു കൂട്ടിയ യോഗ നടപടിക്കുറിപ്പിൽ കേരള ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. മേൽ സാഹചര്യത്തിൽ ടി കരട് ബില്ലിന്റെ സെക്ഷൻ 8 ഭേദഗതി വരുത്തണമെന്നും മിനിട്ട്സ് ഭേദഗതി വരുത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയായി പുതിയ നിയമത്തിൽ സൂചിപ്പിച്ചിരിക്കുന്ന 12 നോട്ടിക്കൽ മൈൽ (23 കിലോമീറ്റർ) കഴിഞ്ഞുള്ള 200 നോട്ടിക്കൽ മൈൽ വരെയുള്ള ഭാഗത്ത് മത്സ്യബന്ധനം നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ പെർമിറ്റും ലൈസൻസും നിർബന്ധമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേരളത്തിന്റെ അധികാര പരിധിയായ 12 നോട്ടിക്കൽ മൈലിനപ്പുറമുള്ള ഏത് കാര്യവും നിയന്ത്രിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാണ്. കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട സമുദ്ര മത്സ്യബന്ധന (നിയന്ത്രണവും പരിപാലനവും) ബില്ലിന്റെ കരടിൽ ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന ഏത് യാനവും പ്രത്യേക പെർമിറ്റ് എടുക്കണമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | പുതിയ മത്സ്യബന്ധന നിയമത്തിൽ സംസ്ഥാന സർക്കാരിന്റെ അധികാര പരിധി സംബന്ധിച്ച് ആവശ്യമായ ഭേദഗതി വരുത്തുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | (ഡി) | ആവശ്യമായ ശുപാർശകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ